# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.20204/18/എസ്റ്റ.എ

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം,
തീയതി: 19/02/2024

എല്ലാ ആഫീസ്/ ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും

വിഷയം:- തിരുവിതാംകൂർ ദേവസ്വം ബോർഡ് - സെലക്ഷൻ തസ്തികയിലെ പ്രൊമോഷൻ - കോൺഫിഡൻഷ്യൽ റിപ്പോർട്ട് തയ്യാറാക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. 14/05/2019-ലെ ആർ.ഒ.സി 245/09/എസ്റ്റാ നമ്പർ ബോർഡുത്തരവ്.
2. 30/11/2023-ലെ മേൽ നമ്പർ സർക്കുലർ ഉത്തരവ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിലുള്ള ദേവസ്വം/മരാമത്ത് ഡിപ്പാർട്ട്മെന്റുകളിലെ സെലക്ഷൻ വിഭാഗത്തിൽപ്പെട്ട തസ്തികളിലേയ്ക്കുള്ള സ്ഥാനക്കയറ്റം അനുവദിക്കുന്നതിലേയ്ക്കായി വകുപ്പ് മേധാവികൾ മുഖാന്തിരം സ്ഥാനക്കയറ്റത്തിനുള്ള പ്രോപ്പോസൽ സമർപ്പിക്കുന്നതു സംബന്ധിച്ച വ്യക്തമായ മാർഗ്ഗ നിർദേശങ്ങൾ ഉൾപ്പെടുത്തി സൂചന(1) ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത ഉത്തരവിൽ ഓരോ കലണ്ടർ വർഷവും പൂർണ്ണമായ പ്രവർത്തനത തിന്റെ അടിസ്ഥാനത്തിൽ പ്രത്യേകം റിപ്പോർട്ടുകൾ തയ്യാറാക്കി നൽകുന്നതിന് നിർദേശമുള്ള താണ്.

ആയത് കൂടാതെ ദേവസ്വം കമ്മീഷണർ ആഫീസിൽ നിന്നും എല്ലാ വർഷവും മേൽ പ്രകാരം കലണ്ടർ വർഷം കണക്കായി കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ തയ്യാറാക്കി ലഭ്യ മാക്കുന്നതിനും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും സർക്കുലർ പ്രകാരം നിർദേശം നൽകാറുള്ളതാണ് എന്നാൽ ടി രണ്ട് ഉത്തരവുകളും വകവയ്ക്കാതെയും വ്യക്തമായി പരിശോധിക്കാതെയും വളരെയധികം അശ്രദ്ധമായും നിരുത്തരവാദപരമായും രണ്ടും മൂന്നും വർഷങ്ങളിലെ റിപ്പോർട്ടുകൾ സഹിതം ഒരുമിച്ച് തയ്യാറാക്കി അയയ്ക്കുന്നതിനായി ഈ ആഫീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്.

ഇപ്രകാരം കാലതാമസം വരുത്തി കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ തയ്യാറാക്കി അയയ്ക്കുമ്പോഴേയ്ക്കും ടി കാലയളവിൽ റിവ്യൂ ചെയ്യേണ്ട ഉദ്യോഗസ്ഥർ സ്ഥലമാറി പോയി ട്ടുള്ളതോ, വിരമിക്കുന്നതിനോ ഇടവരുത്തുന്നതും തന്മൂലം കൃത്യമായി റിപ്പോർട്ട് റിവ്യൂ ചെയ്യുന്നതിനും സാധിക്കാതെ വരുന്നതാണ്.

ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും കോൺഫിഡൻഷ്യൽ റിപ്പോ ർട്ടുകൾ തയ്യാറാക്കുന്നതിനു. ഇപ്രകാരം ഉണ്ടാകുന്ന അനാസ്ഥ കാരണം ആയത് ഈ ആഫീ സിൽ കൃത്യമായി പരിശോധിച്ച് പ്രൊപ്പോസൽ ബോർഡ് ആഫീസിൽ യഥാസമയം നൽകു ന്നതിനു കാലതാമസം നേരിടുന്നതിനു സാഹചര്യം സൃഷ്ടിച്ചു കൊണ്ടിരിക്കുന്നതാണ്. ആക യാൽ മേലിൽ സൂചന(1), സൂചന(2) സർക്കുലർ വ്യക്തമായി പരിശോധിക്കാതെയും കാല താമസം വരുത്തിയും ഈ ആഫീസിലേയക്ക് കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ തയ്യാറാക്കി അയയ്ക്കുന്ന പക്ഷം പ്രൊമേഷൻ അനുവദിക്കുന്നതിലേയ്ക്കായി ഈ ആഫീസിൽ നിന്നും

ബോർഡിലേക്ക് ശുപാർശ ചെയ്യുന്നതിന് സാധിക്കുകയില്ലായെന്ന വിവരവും, കൂടാതെ ആയതിനിടവരുത്തുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരു വിവരം ബോർഡിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതായിരിക്കും എന്നറിയിക്കുന്നു. ആകയാൽ ഇനിയും കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ലഭ്യമാക്കുവാനുളള ഉളള ഉദ്യോഗസ്ഥർ ആയത് ഈ മാസം 26/02/2024-നകം ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ

ദേവസ്വം കമ്മീഷണർ
(ഇൻ- ചാർജ്ജ്)

Deputy Devaswom Commissioner
(Administration)
Devaswom Commissioner Office

SA.19/02